**<u>പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്</u>**

**(സാന്നിധ്യം:- മിനിമോൾ ഡി, ഗവ. അഡീഷണൽ സെക്രട്ടറി)**

വിഷയം:- പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - പൊതു വിദ്യാഭ്യാസ വകുപ്പിലെ ഹൈസ്കൂൾ വിഭാഗം ഉറുദു അദ്ധ്യാപകരുടെ 01.01.2026 തീയതി പ്രാബല്യത്തിലുള്ള അന്തിമ സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. സർക്കാർ കത്ത് നമ്പർ സി4/143/2023 പൊ.വി.വ തീയതി: 05.07.2023.
2. 03.04.2026 തീയതിയിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഡിജിഇ/5908/2026-എ3 നമ്പർ സർക്കുലർ.
3. 09/05/2026 തീയതിയിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഡിജിഇ/5908/2026-എ3 നമ്പർ താൽക്കാലിക സീനിയോരിറ്റി പട്ടിക

**<u>ഉത്തരവ് നമ്പർ എ3/6159/2026/ഡി.ജി.ഇ തീയതി : 02-06-2026</u>**

പൊതുവിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ വിഭാഗം ഉറുദു അദ്ധ്യാപകരുടെ 01.01.2026 തീയതി പ്രാബല്യത്തിലുള്ള താല്ക്കാലിക സീനിയോരിറ്റി പട്ടിക പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത കരട് പട്ടികയിലെ ആക്ഷേപങ്ങളും പരാതികളും ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന സമർപ്പിക്കുന്നതിനായി നിശ്ചിത സമയം അനുവദിക്കുകയും ചെയ്തു. അപ്രകാരം സമയപരിധിക്കുള്ളിൽ ലഭ്യമായ പരാതികൾ പരിശോധിച്ച് ആയത് പരിഹരിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലവിൽ ജോലി ചെയ്തു വരുന്ന സർക്കാർ ഹൈസ്കൂൾ വിഭാഗം ഉറുദു അദ്ധ്യാപകരുടെ 01.01.2026 തീയതി പ്രാബല്യത്തിലുള്ള അന്തിമ സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

Digitally signed by
Minimol D
Date: 02-06-2026
12:02:09

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
(ഗവ. അഡീഷണൽ സെക്രട്ടറി)
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

സ്വീകർത്താവ് :

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ല വിദ്യാഭ്യാസ ഓഫീസർമാർക്കും
3. ഡയറക്ടർ, സമഗ്ര ശിക്ഷ കേരളം, തിരുവനന്തപുരം.
4. ഡയറക്ടർ, എസ്.സി.ഇ.ആർ.റ്റി, തിരുവനന്തപുരം.
5. എല്ലാ ഡയറ്റ് പ്രിസിപ്പൽമാർക്കും,
6. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ് (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)
7. എല്ലാ സ്കൂൾ പ്രധാമാദ്ധ്യാപകർക്കും